

## ആമുഖം

കേരളത്തിലെ അപൂർവ്വം ശനീശ്വരക്ഷേത്രങ്ങളിൽ ഒന്നാണ് ചേർത്തല കടക്കരപ്പള്ളി പടിഞ്ഞാറെ കൊട്ടാരം ശ്രീധർമ്മശാസ്താ ക്ഷേത്രം. ചേർത്തല റയിൽവേ സ്റ്റേഷന് 1 1/2 കി.മീ. വടക്ക് തങ്കി കവലയിൽ നിന്നും പടിഞ്ഞാറ് കൊട്ടാരം റയിൽവേ ക്രോസിന് ഏകദേശം 300 മീററർ തെക്ക് മാറി ഈ അതിപുരാതന ക്ഷേത്രം സ്ഥിതി ചെയ്യുന്നു. കലിയുഗവരദനും ആപത്ബാന്ധവനും അന്നദാനപ്രഭുവും, ആശ്രിതവത്സലനുമായ ശ്രീധർമ്മശാസ്താവ് ശനീശ്വരചൈതന്യം പൂണ്ട് നിലകൊള്ളുന്നു. ശനിദോഷ നിവാരണത്തിന് അസംഖ്യം ഭക്തജനങ്ങൾ ഈ ക്ഷേത്രത്തിൽ എത്തിചേരുന്നു. മംഗല്യദോഷനിവാരണത്തിനും നെടുമംഗല്യ ത്തിനും ഐശ്വര്യാഭിവൃദ്ധിക്കുമായി അനുഗ്രഹവർഷം ചൊരിയുന്ന ആദിപ്രതിഷ്ഠയായ ശ്രീഭഗവതി പാൽക്കടലിലേക്ക് അഭിമുഖമായി കുടികൊള്ളുന്നു. ശ്രീപരമശിവൻ, ശ്രീഗണപതി, ബ്രഹ്മരക്ഷസ്സ്, സർപ്പദൈവങ്ങൾ എന്നീ ഉപദൈവങ്ങളും ക്ഷേത്രത്തിൽ വാണരുളുന്നു. ക്ഷേത്രത്തിൽ ചെമ്പ്കൊണ്ടുള്ള കൊടിമരം, ഗജമണ്ഡപം, സ്റ്റേജ്, ആഡിറ്റോറിയം എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

### പടിഞ്ഞാറെ കൊട്ടാരം ദേവസ്വം

1608, 1621 എന്നീ എൻ.എസ്സ്.എസ്സ്. കരയോഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ 69/91 നമ്പരായി രജിസ്റ്റർ ചെയ്ത് പടിഞ്ഞാറെ കൊട്ടാരം ദേവസ്വം പ്രവർത്തനം നടത്തിവരുന്നു. ഫോൺ നമ്പർ 0478 – 2822706 ആണ്. ഇരു കരയോഗങ്ങളുടെയും ഭരണസമിതി ഉൾപ്പെട്ടതാണ് ദേവസ്വം ഭരണസമിതി. ഒരു കരയോഗം പ്രസിഡൻറ് ദേവസ്വം പ്രസിഡൻറും മറെറ കരയോഗം പ്രസിഡൻറ് വൈ. പ്രസിഡൻറും. സെക്രട്ടറി ദേവസ്വം സെക്രട്ടറിയുമായിരിക്കും. ദേവസ്വം കലവറ യായി ഒരു കമ്മററി അംഗം ചുമതല നിർവ്വഹിക്കുന്നു.

## ക്ഷേത്ര ആഡിറ്റോറിയം

അതി വിശാലമായ ഒരു ആഡിറ്റോറിയം ആണ് ഉള്ളത്. സർവ്വ സജ്ജീകരണങ്ങളും ആഡിറ്റോറിയത്തിൽ ക്രമീകരിച്ചിട്ടുണ്ട്. വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഈ ആഡിറ്റോറിയം ലഭ്യമാണ്.

